# തൊഴിലാളിയെ പിരിച്ചുവിട്ടതിന് അംഗീകാരം നിഷേധിച്ചത് റദ്ദാക്കി

## മദ്രാസ് ഹൈക്കോടതി

W.P. No. 18241/2019 Dt. 26.11.2019

ജി.വി.കെ. എമർജെൻസി മേനേജ്മെന്റ് ഏന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

x

അസിസ്റ്റന്റ് കമ്മീഷണർ ഓഫ് ലേബർ

സൗജന്യ ആംബുലൻസ് സൗകര്യം പ്രദാനം ചെയ്യുന്ന സേവനത്തിനുവേണ്ടി സർക്കാർ നിയോഗിച്ച ഏജൻസിയാണ് തൊഴിലുടമ നടത്തുന്നത്. അപകടത്തിൽപ്പെട്ടവരെ എത്രയും വേഗം ആശുപത്രിയിലെത്തിക്കുക, അവർക്ക് വേണ്ട മറ്റു സഹായങ്ങൾ നല്കുക, മുതലായവയാണ് സൗജന്യ ആംബുലൻസ് സേവനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ. സ്ഥാപനത്തിൽ ആംബുലൻസ് ഡ്രൈവറായി താല്ക്കാലികാടിസ്ഥാനത്തിൽ 2011-ലാണ് തൊഴിലാളി നിയമിക്കപ്പെട്ടത്. 2012-ൽ മേനേജ്മെന്റ് അയാളെ സ്ഥിരപ്പെടുത്തി. അപ്രകാരം ജോലി ചെയ്തുകൊണ്ടിരിക്കെ 2013-ൽ അപകടത്തിൽ പരിക്കേറ്റ ഒരാളെ ആശുപത്രിയിലേക്ക് കൊണ്ടുപോകുന്നതിനുവേണ്ടി സ്ഥലത്തെത്തിയപ്പോൾ കണ്ണൻ എന്നൊരാൾ 14,500 രൂപ അടങ്ങിയ ഒരു പൊതി ഡ്രൈവറെ ഏല്പിക്കുകയും അത് അപകടത്തിൽപ്പെട്ടയാളുടെതാണെന്ന് അറിയിക്കുകയും അയാളെ ആശുപത്രിയിൽ പ്രവേശിപ്പിച്ചതിനു ശേഷം അയാളുടെ കൂട്ടിരിപ്പുകാരനെ പ്രസ്തുത പണം ഏല്പിക്കണമെന്ന് ഡ്രൈവറോട് ആവശ്യപ്പെടുകയും ചെയ്തു. പരിക്കേറ്റയാളെ ആശുപത്രിയിൽ പ്രവേശിപ്പിച്ചതിനു ശേഷം ഡ്രൈവർ 8500 രൂപ മാത്രമാണ് കൂട്ടിരിപ്പുകാരനെ ഏല്പിച്ചത്. കണ്ണൻ എന്നയാൾ കൂട്ടിരിപ്പുകാരനെ വിളിച്ച് ചോദിച്ചപ്പോഴാണ് ഇക്കാര്യം അറിഞ്ഞത്. ഉടനെത്തന്നെ കണ്ണൻ ഡ്രൈവറെ വിളിച്ച് വിവരമാരാഞ്ഞപ്പോൾ ബാക്കി തുക ഉടനെ കൂട്ടിരിപ്പുകാരനെ ഏല്പിക്കാമെന്ന് സമ്മതിച്ചു. എന്നാൽ ബാക്കിയുള്ള ആറായിരം രൂപക്ക് പകരം അയ്യായിരത്തി അഞ്ഞൂറ് രൂപ മാത്രമാണ് ഡ്രൈവർ കൂട്ടിരിപ്പുകാരന് നല്കിയത്. ഇതു സംബന്ധിച്ച് പരാതി ലഭിച്ചതിനെതിനെത്തുടർന്ന് മേനേജ്മെന്റ് തൊഴിലാളിക്ക് പല തവണ മുന്നറിയിപ്പ് നല്കിയിട്ടും അയാൾ മനസ്സ് മാറ്റിയില്ല. തുടർന്ന് മേനേജ്മെന്റ് അയാൾക്ക് കാരണം കാണിക്കൽ നോട്ടീസ് നല്കുകയും അയാളെ സസ്പെന്റ് ചെയ്യുകയും അയാൾക്കെതിരെ ഗാർഹികാന്വേഷണം നടത്താൻ ഉത്തരവിടുകയും ചെയ്തു. ഗാർഹികാന്വേഷണം ഒമ്പത് ദിവസങ്ങളിലായി നടത്തിയെങ്കിലും കുറ്റാരോപിതൻ അന്വേഷണത്തിൽ പങ്കെടുത്തില്ല. തൊഴിലാളി കുറ്റക്കാരനാണെന്ന് ഗാർഹികാന്വേഷണ ഉദ്യോഗസ്ഥൻ റിപ്പോർട്ട് ചെയ്തു. പ്രസ്തുത അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മേനേജ്മെന്റ് തൊഴിലാളിയെ ജോലിയിൽ നിന്ന് പിരിച്ചുവിടുകയും അംഗീകാരത്തിനായി അസിസ്റ്റന്റ് ലേബർ കമ്മീഷണർ മുമ്പാകെ അപേക്ഷ നല്കുകയും ചെയ്തു. അന്വേഷണത്തിൽ സ്വാഭാവിക നീതി പാലിക്കപ്പെട്ടിട്ടില്ലെന്നും തൊഴിലാളിക്കെതിരെയുള്ള കുറ്റാരോപണം തെളിഞ്ഞിട്ടില്ലെന്നും വിലയിരുത്തിയ അസിസ്റ്റന്റ് ലേബർ കമ്മീഷണർ മേനേജ്മെന്റിന്റെ അപേക്ഷ തള്ളിക്കളയുകയും തൊഴിലാളിയെ പിരിച്ചുവിട്ടതിന് അംഗീകാരം നിഷേധിക്കുകയും ചെയ്തു. ഇതിനെതിരെ മേനേജ്മെന്റ് ഹൈക്കോടതിയിൽ റിട്ട് ഹർജി സമർപ്പിച്ചു. ഗാർഹികാന്വേഷണത്തിൽ ഭാഗഭാക്കാകുന്നതിന് അവസരം നല്കിയിട്ടും തൊഴിലാളി അത് വിനിയോഗിക്കാതിരുന്നതിനാൽ സ്വാഭാവിക നീതിയുടെ ലംഘനമുണ്ടായിട്ടില്ലെന്നും ആംബുലൻസ് ഡ്രൈവർ പരിക്കേറ്റയാളുടെ പണം അപഹരിച്ചത് ഗുരുതരമായ പെരുമാറ്റദൂഷ്യമാണെന്നും മേനേജ്മെന്റ് വാദിച്ചത് ഹൈക്കോടതി അംഗീകരിച്ചു. അസിസ്റ്റന്റ് ലേബർ കമ്മീഷണറുടെ തീരുമാനം തെറ്റും അന്യായവുമാണെന്ന് വിലയിരുത്തിയ ഹൈക്കോടതി മേനേജ്മെന്റിന്റെ റിട്ട് ഹർജി അനുവദിക്കുകയും തൊഴിലാളിയെ പിരിച്ചുവിട്ടതിന് അംഗീകാരം നല്കുകയും ചെയ്തു.